Gk/04

# മുഹമ്മക്ക് സാന്ത്വനമായി സാന്ത്വനം പാലിയേറ്റീവ് കെയർ

കാൻസർ രോഗികൾ,തളർവാതം പിടിപ്പെട്ടവർ,പുകവലി,മദ്യപാനം എന്നിവ മൂലം മാറാരോഗങ്ങൾക്ക്അടിമപ്പെട്ടവർഎന്നിങ്ങനെ അവശനിലയിൽ കഴിയുന്ന, ചില സന്ദർഭങ്ങളിൽ വീട്ടുകാർ പോലും കയ്യൊഴിഞ്ഞ രോഗികളെ പരിചരിക്കാൻ ഒരു പഞ്ചായത്ത് തന്നെ മുൻകൈയ്യെടുത്ത് രംഗത്തിറങ്ങിയിരിക്കുകയാണ്. ആലപ്പുഴ ജില്ലയിലെ മുഹമ്മ പഞ്ചായത്താണ് ആരോഗ്യരംഗത്ത് വളരെ മാതൃകാ പരമായ പ്രവർത്തനങ്ങൾ കാഴ്ച വെച്ച് മുന്നേറുന്നത്.

ആലപ്പുഴയിലെ കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിൻ കീഴിലുള്ള എല്ലാ പഞ്ചായത്തുകളുടെയും പങ്കാളിത്തത്തോടെ ഡോക്ടർ. തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ നടന്ന ചർച്ചയാണ് ആരോഗ്യരംഗത്ത് പഞ്ചായത്തിന്റെ ഇടപെടൽ ജനങ്ങൾക്ക് എത്രമാത്രം ഉപകാരപ്രദമാവും എന്ന ആശയത്തിലേക്ക് മുഹമ്മ പഞ്ചായത്തിനെ കൊണ്ടെത്തിച്ചത്. അങ്ങിനെ 2007-ൽ സാന്ത്വനം എന്ന പേരിൽ പഞ്ചായത്ത് പാലിയേറ്റിവ് കെയർ യൂണിറ്റ് ആരംഭിച്ചു.

സ്വാശ്രയ സംഘങ്ങളുടെ കീഴിൽ ഒരുപാടുപാലിയേറ്റീല് കെയർകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഉണ്ടെങ്കിലും ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിലുള്ള ആദ്യ പാലിയേറ്റിവ് കെയർ യൂണിറ്റ് മുഹമ്മ പഞ്ചായത്തിന്റേതാണെന്ന് പഞ്ചായത്ത് പ്രസിഡന്റ് സി.കെ.ഭാസ്ക്കരൻ അവകാശപ്പെടുന്നു.

ഇതിന്റെ ആദ്യഘട്ടമെന്നോണം അർപ്പണ ബോധമുള്ള വളണ്ടിയർമാരെ ഓരോവാർഡിൽനിന്നും പഞ്ചായത്ത് മെമ്പർമാർ തിരഞ്ഞെടുത്തു തുടർന്ന് കമ്മ്യൂണിറ്റി സെന്ററിലെ പാരാമെഡിക്കൽ ജീവനക്കാരുടെയും, ഹെൽത്ത് ഇൻസ്പെക്ടർമാരുടേയും സഹായത്തോടെ അവർക്ക് പരിശീലനവും നൽകി. നിരാലംബരും,ദരിദ്രരുമായ രോഗികൾക്ക് സാന്ത്വനമാണ്സാന്ത്വനത്തിലെ ഈ വളണ്ടിയർമാർ.ആഴ്ചയിലൊരിക്കൽ ഇവർ ഓരോ വീടുകളിലായി പോയി രോഗികളെ ശുശ്രൂഷിക്കുകയും അവർക്കു വേണ്ട മരുന്ന് സൗജന്യമായി എത്തിച്ചുകൊടുക്കുകയും ചെയ്യുന്നു. നൂറ്റമ്പതോളം വരുന്ന രോഗികൾക്ക് ഇവരുടെമരുന്നുംശുശ്രൂഷയും ഒരു വലിയ സാന്ത്വനമാണ്.ഇതുകൂടാതെ എല്ലാ വെള്ളിയാഴ്ചകളിലുംവീടുകളിൽപോയിരോഗികളുടെ ബി.പി.പരിശോധിക്കുന്ന ദൗത്യവും ഇവരാണ് ഏറ്റെടുത്തു നടത്തുന്നത്.

മൂന്നുലക്ഷം രൂപയാണ് പഞ്ചായത്ത്പാലിയേറ്റീവ്കെയർയൂണിറ്റിനായി മാറ്റി വച്ചിരിക്കുന്നത്.2007 നവംബർ ഇരുപത്തെട്ടാം തീയതി പാർലമെന്ററികാര്യ മന്ത്രി എം. വിജയകുമാർ ഉദ്ഘാടനം ചെയ്ത മുഹമ്മപാലിയേറ്റീവ് കെയർ സെന്റർ പഞ്ചായത്തിന്റ പരിശ്രമങ്ങളുടെ വിജയത്തിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ്.

ജില്ല - ആലപ്പുഴ
പഞ്ചായത്ത് - മുഹമ്മ
പ്രസിഡന്റ് - സി.കെ.ഭാസ്ക്കരൻ
ഫോൺ - 0478 - 2862348, 2582048

നിലീന അത്തോളി